# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
# കേരളം

## FAQ AND ANSWERS

2020-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം നടന്ന 9 ഉപതിരഞ്ഞെടുപ്പുകളിൽ ബന്ധപ്പെട്ട വരണാധികാരികളും (RO) ഉപവരണാധികാരികളും (ARO) തങ്ങൾ മനസ്സിലാക്കിയിട്ടുള്ളതിന്റേയും ഫീൽഡ് അനുഭവത്തിന്റേയും അടിസ്ഥാനത്തിൽ തങ്ങളുടെ തനതായ ശൈലിയിൽ ചോദിച്ച ചോദ്യങ്ങളിൽ യാതൊരു മാറ്റവും വരുത്താതെ ക്രോഡീകരിച്ച മൂന്ന് വിഭാഗങ്ങളായി തിരിച്ച് അവയ്ക്കുള്ള ഉത്തരങ്ങളാണ് കൃത്യമായി ഇവിടെ നൽകിയിട്ടുള്ളത്. ഈ ഉപതിരഞ്ഞെടുപ്പിൽ ഇവ നിങ്ങളുടെ കർത്തവ്യ നിർവ്വഹണത്തിന് പ്രയോജനപ്പെടുന്നതാണ്. ഇതിന്മേലുള്ള ഫീഡ് ബാക്ക് നിങ്ങളിൽ നിന്ന് ക്ഷണിക്കുന്നു. ആവർത്തന വിരസത ഒഴിവാക്കേണ്ടതാണ്.

## I. വോട്ടർ പട്ടിക സംബന്ധിച്ച്

1. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിലേക്ക് മറ്റ് വാർഡിൽ നിന്നും സ്ഥാനമാറ്റം നടത്തുന്നതിന് ഫാറം 4 ഉപയോഗിക്കാമോ?

സ്ഥാനമാറ്റം നടത്തുന്നതിന് ഫോം 7 ലാണ് അപേക്ഷിക്കേണ്ടത്. 4-ാം ഫാറം പുതുതായി പേര് ചേർക്കുന്നതിനും മറ്റ് തദ്ദേശ സ്ഥാപനത്തിൽ നിന്ന് പേര് മാറ്റുന്നതിനുമാണ് ഉപയോഗിക്കേണ്ടത്.

2. ഉപതിരഞ്ഞെടുപ്പ് വേളയിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം അപ്പീൽ സമർപ്പിക്കേണ്ട അധികാരി ആരാണ്?

ജില്ലാ ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി

3. അന്തിമ വോട്ടർ പട്ടിക കരട് പട്ടിക പ്രദർശിപ്പിച്ചിടത്തെല്ലാം പബ്ലിഷ് ചെയ്യണോ?

വേണം, കുറഞ്ഞ പക്ഷം അന്തിമ വോട്ടർപട്ടിക EROയുടെ ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണെന്ന വിവരം നോട്ടീസിൽ പ്രദർശിപ്പിക്കണം.

4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർ പട്ടികയിൽ ഓൺലൈനായി പേര് ചേർക്കുന്നതിനുള്ള വെബ് സൈറ്റിന്റെ പേര്?

www.sec.kerala.gov.in എന്ന വെബ് പോർട്ടിൽ പ്രവേശിച്ച് അതിലെ വോട്ടർ സർവീസ് എന്ന പേജിൽ ലോഗിൻ ചെയ്താൽ അവിടെ പേര്

ചേർക്കുന്നതിനും, ഉൾക്കുറിപ്പ് തിരുത്തുന്നതിനും, സ്ഥാനമാറ്റം നടത്തുന്നതിനുമുള്ളസേവനം ലഭ്യമാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും പേര് ചേർത്തതിനും എതിരെ ആക്ഷേപം സമർപ്പിക്കേണ്ടത് എപ്രകാരമാണ്?

ഫോറം 5-ൽ അതിലെ വ്യവസ്ഥകൾ പാലിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ട് സമർപ്പിക്കണം.

6. വോട്ടർ പട്ടിക പുതുക്കുന്നതിനു നിർദ്ദേശം വരുമ്പോൾ അതിൽ വോട്ടറെ ഒഴിവാക്കുന്നതിനു അപേക്ഷ സ്വീകരിക്കേണ്ടതുണ്ടോ?

സ്വീകരിയ്ക്കാം

7. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത് നോട്ടീസ് ഫോറം 16 അല്ലേ?

അതെ

8. മരിച്ചു പോയവരെ വോട്ടേഴ്സ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നോട്ടീസ് ബോർഡിൽ ഇടുന്നതിന് ഉള്ള ഫോറം നമ്പർ എത്ര ആണ്?

സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടം 20 പ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ സ്വീകരിക്കേണ്ട നടപടി.

9. ഫോറം 5 ലഭിച്ചാൽ ERO സ്വീകരിക്കേണ്ട നടപടികൾ ഏവ?

ആദ്യം സമർപ്പിക്കപ്പെട്ട ഫോം 5 സാധുവാണോ എന്ന് പരിശോധിക്കുക, ഇരു കക്ഷികളേയും ചട്ടപ്രകാരം കേൾക്കുക, രേഖകൾ, വസ്തുതകൾ, ബോധ്യം എന്നിവയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് ഇരുകക്ഷികളെയും അറിയിക്കുക. എല്ലാനടപടികളുടെയും രേഖകൾ സൂക്ഷിക്കുക.

10. In Form 4 Application part No is mentioned wrong. Can be correct it?

Yes

11. ഹിയറിങ്ങിനു ഹാജരാകാത്തവരെ അപ്പോൾ തന്നെ Reject ചെയ്യാവുന്നതാണോ?

Form 4-അപേക്ഷയിൽ അയോഗ്യത തെളിഞ്ഞാൽ അത്തരം അപേക്ഷകൾ Reject ചെയ്യാം. ഫോട്ടോ, ഒപ്പ് എന്നിവ ഇല്ലാത്തതും അപേക്ഷകൻ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതുമായവ സമയം കഴിഞ്ഞാൽ Reject ചെയ്യാം. അപേക്ഷകളിൽ രജിസ്ട്രേഷൻ ഓഫീസർ എടുക്കുന്ന തീരുമാനം കാര്യകാരണ സഹിതം അപേക്ഷകനെ നിർബന്ധമായും അറിയിച്ചിരിക്കണം.

12. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കാൻ അപേക്ഷ തന്നവർ, ഹിയറിംഗിന് നേരിട്ട് ഹാജരാകണം എന്ന നിർബന്ധമാണോ?

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ (ERO) ബോധ്യവും വിവേചനാധികാരവുമാണത്.

13. What is the process to be followed if a person applies for name inclusion in voters list, but is unable to appear personally before ERO due to some inconvenience?..pls clarify

ERO യെ ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുക

14. Form 5, 8 ആയതിന്മേൽ നൽകുന്ന നോട്ടീസ് എവിടെ നിന്നും ലഭിയ്ക്കും?

SEC website, പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഓഫീസുകൾ

15. ഹിയറിങ്ങ് ദിവസം തന്നെ വെബ് സൈറ്റിൽ അപ്ഡേറ്റ് ചെയ്ത് അപ്രൂവ് ചെയ്യേണ്ടതുണ്ടോ?

തീരുമാനമെടുക്കുന്ന സമയം തീരുമാനം രേഖപ്പെടുത്തി അപ് ഡേറ്റ് ചെയ്യണം.

16. ഹിയറിംഗ് ദിവസം ഹാജരാകാത്തവർക്ക് വേറെ ഡേറ്റ് കൊടുക്കാൻ പറ്റുമോ?
കഴിയും

17. Form 13 and 14 registered തപാലിൽ അയച്ച നൽകണോ?

തപാലിലാണ് നൽകുന്നതെങ്കിൽ ഫാറം 12,13,14,15 നോട്ടീസുകൾ രജിസ്റ്റേർഡ് തപാലായി നൽകണം

18. വോട്ടർ പട്ടികയിൽ മരണപ്പെട്ടവരുടെ ലിസ്റ്റ് BLO യോട് ആവശ്യപ്പെട്ട് ഒഴിവാക്കേണ്ടതുണ്ടോ?

BLO യുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ട് ലഭ്യമല്ല.

19. അവധി ദിവസം വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതിനു വേണ്ടി ഹിയറിങ് നടത്തുന്നതിന് തടസ്സം വല്ലതും ഉണ്ടോ?

ഇല്ല, മുൻകൂട്ടി അറിയിപ്പ് നൽകി സുതാര്യമായി നടത്തണം.

20. വോട്ടേഴ്സ് ലിസ്റ്റ് കോപ്പി പബ്ലിക്കിന് വിൽക്കുന്ന നിരക്ക് പറയാമോ?

നിലവിൽ ഒരു പേജിന് Rs.3+GST

## II. തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച്

1. കേന്ദ്ര സർക്കാരിന്റെ ജില്ലാ കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലിന് മത്സരിക്കാമോ?

പാടില്ല

2. 35 (കെ) പ്രകാരം അയോഗ്യത വന്നയാളിന് വീണ്ടും മത്സരിക്കാമോ?

പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപന കമ്മിറ്റിയുടെ കാലാവധി തീരുന്നത് വരെ മത്സരിക്കാൻ പാടില്ല.

3. ഫാറം 6 തയ്യാറാക്കുമ്പോൾ സ്ഥാനാർത്ഥികൾ ആവശ്യപ്പെടുന്നത് പ്രകാരം പേരുകളിൽ മാറ്റം വരുത്താമോ?

സ്ഥാനാർത്ഥികളെ തിരിച്ചറിയുന്നതിനു വേണ്ടി പേരിന് മുമ്പോ പിമ്പോ കൂട്ടിച്ചേർക്കലുകൾ ആകാം. അതുപോലെ സ്ഥാനാർത്ഥികൾ നാട്ടിൽ അറിയപ്പെടുന്ന പേരുകൾ അവരുടെ അപേക്ഷയിൻമേൽ നോമിനേഷനിലെ പേരിനൊപ്പം ബ്രാക്കറ്റിൽ നൽകാം.

4. ഫാറം 6-ൽ അല്ലെങ്കിൽ ബാലറ്റ് പേപ്പറിൽ അക്ഷരമാല ക്രമത്തിൽ ആണോ പേരുകൾ ക്രമീകരിക്കുന്നത് ?

മലയാളം അക്ഷരമാല ക്രമത്തിൽ വേണം പേരുകൾ ക്രമീകരിക്കേണ്ടത്. അക്ഷരമാല ക്രമം നിശ്ചയിക്കാൻ പുതിയതായി ചേർക്കുന്ന prefix, suffix ഉപയോഗിക്കാൻ പാടില്ല

5. പോളിംഗ് ഏജന്റ് ആ വാർഡിലുള്ള വോട്ടർ വേണോ?

അതെ

6. ബാലറ്റ് പ്രിന്റ് ചെയ്യുന്നതിനുള്ള ഫാറം ?

ഫാറം.6

7. മൈക്ക് പ്രചാരണത്തിന് അനുമതി നൽകേണ്ടത് ആര്?

പോലീസ് അധികാരികൾ

8. വാഹന പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ ഫോറം?

പ്രത്യേക ഫോം കമ്മീഷൻ നിശ്ചയിച്ചിട്ടില്ല.

9. വാഹന പെർമിറ്റ് ൻൽകുന്നതിനുള്ള പെർമിറ്റ് ഫോം?

പ്രത്യേക ഫോം കമ്മീഷൻ നിശ്ചയിച്ചിട്ടില്ല

10. വാഹന പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമം ?

കമ്മീഷൻ അത്തരം നടപടിക്രമം പുറപ്പെടുവിച്ചിട്ടില്ല

11. വാഹന പെർമിറ്റ് അനുവദിക്കുന്നത് ആര്?

മോട്ടോർ വാഹനവകുപ്പ്, വരണാധികാരിയുടെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയും പൊതുനിയന്ത്രണത്തിൻ കീഴിൽ ആയിരിക്കണം. പ്രചാരണവും മറ്റ തിരഞ്ഞെടുപ്പ് പരിപാടികളും നടത്തേണ്ടത്.

12. ഉപതിരഞ്ഞെടുപ്പ് വേളയിൽ പോളിംഗ്, കൗണ്ടിംഗ് ദിവസങ്ങളിലെ മദ്യനിരോധനം ആ വാർഡിൽ മാത്രമാണോ?

വാർഡിലും കൗണ്ടിംഗ് സ്റ്റേഷൻ പരിധിയിലും മാത്രം മറ്റേതെങ്കിലും പ്രദേശത്തെ മദ്യവിൽപ്പനശാലയുടെ പ്രവർത്തനം തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡിനെ ബാധിക്കുന്നുണ്ടെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അവിടെ തന്റെ വിവേചനാധികാരം ഉപയോഗിക്കാവുന്നതാണ്.

13. പരസ്യ പ്രചാരണം വൈകുന്നേരം 5 മണിയാണോ?

വൈകുന്നേരം 6 മണി (വോട്ടെടുപ്പ് അവസാനിക്കുന്ന സമയത്തിന് 48 മണിക്കൂർ മുമ്പ് വരെ).

14. കുടുംബശ്രീ ചെയർപേഴ്സണ് മത്സരിക്കാമോ?പ്രചാരണം നടത്താമോ?

മത്സരിക്കാം/ പ്രചരണം നടത്താം

15. കൗണ്ടിംഗ് ഏജന്റ് ആ വാർഡിൽ നിന്ന് വേണോ?

നിർബന്ധമില്ല

16. ഉപതിരഞ്ഞെടുപ്പിൽ ജയിച്ചവരുടെ സത്യപ്രതിജ്ഞ തീയതി ആരാണ് നിശ്ചയിക്കുന്നത് ?

മുനിസിപ്പൽ കോർപ്പറേഷൻ മേയർ/ മുനിസിപ്പൽ ചെയർമാൻ/ പ്രസിഡന്റ് എന്നിവർ ഉപതിരഞ്ഞെടുപ്പിൽ ജയിച്ചവർക്കുള്ള സത്യപ്രതിജ്ഞയുടെ ക്രമീകരണങ്ങൾ നടത്തും. വരണാധികാരിക്ക് അതിൽ കർത്തവ്യ നിർവ്വഹണമില്ല.

17. ഉപതിരഞ്ഞെടുപ്പിൽ ജയിച്ചവരെ ആരാണ് സത്യപ്രതിജ്ഞ ചെയ്യിക്കേണ്ടത്?

മുനിസിപ്പൽ കോർപ്പറേഷൻ മേയർ / മുനിസിപ്പൽ ചെയർമാൻ/ പ്രസിഡന്റ്

18. ഇലക്ഷൻ ഏജന്റ് ആ വാർഡിൽ നിന്നുള്ള ആൾ തന്നെ വേണോ?

ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആൾ ആയിരിക്കണം

19. സൂക്ഷപരിശോധന വേളയിൽ ലഭിച്ച ഓരോ നോമിനേഷനും സൂക്ഷ്മ പരിശോധന നടത്തണോ?

വേണം

20. ഒരാളുടെ ഒന്നിലധികം നോമിനേഷനുകൾ സാധുവായിരുന്നാൽ ഫോറം.4 തയ്യാറാക്കുമ്പോൾ അവയുടെ എല്ലാ എൻടിയും കാണിക്കണോ?

വേണ്ട, ഒരാളുടെ സാധുവായ ഒന്നിലധികം നോമിനേഷനുകൾ ഉണ്ടെങ്കിലും ഒരു എൻടി മാത്രം Form 4-ൽ നല്കിയാൽ മതി.

21. ഒരാൾക്ക് എത്ര സെറ്റ് നാമനിർദ്ദേശ പത്രിക നൽകാം?

3 സെറ്റ്

22. നോമിനേഷൻ സമർപ്പിക്കുന്നതിന് നിയമപരമായി അനുവദിച്ചിട്ടുള്ള സമയം?

11 AM to 3 PM

23. പോളിംഗ് നടക്കുന്ന വേളയിൽ വോട്ടിംഗ് മെഷീൻ Replace ചെയ്യുമ്പോൾ ബാലറ്റ് യൂണിറ്റ് മാത്രം മാറ്റിയാൽ മതിയോ?

    അത്തരം സാഹചര്യങ്ങളിൽ കൺട്രോൾ യൂണിറ്റും ബാലറ്റ് യൂണിറ്റും ഒരുമിച്ച് മാറ്റി വയ്ക്കണം

24. നോമിനേഷൻ സ്വീകരിക്കുന്ന ദിവസങ്ങളുടെ ഇടയിൽ അവധി ദിവസം വന്നാൽ അന്ന് ഓഫീസ് തുറന്നു പ്രവർത്തിക്കണോ?

    വേണ്ട

25. അന്നന്ന് ലഭിക്കുന്ന നോമിനേഷനുകളുടെ ലിസ്റ്റ് N3 ഫോമിൽ RO യുടെയും ARO യുടെയും ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണമോ?

    വേണം

26. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തുന്ന അധികാര കേന്ദ്രം ഏത്?

    സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

27. സംസ്ഥാന നിയമസഭ, പാർലമെന്റ് തുടങ്ങിയവയിലേയ്ക്ക് തിരഞ്ഞെടുപ്പ് നടത്തുന്ന അധികാര കേന്ദ്രം ഏത്?

    കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ, ചീഫ് ഇലക്ടറൽ ഓഫീസർ, തിരുവനന്തപുരം ആണ് കേരളത്തിലെ അതിന്റെ ചുമതലപ്പെട്ട് ഓഫീസർ

28. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭ, പാർമെന്റിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നത് ഒരു വോട്ടർ പട്ടികയെ അടിസ്ഥാനമാക്കിയാണോ?

    അല്ല. രണ്ടു സ്ഥലങ്ങളിലേയ്ക്കും വെവ്വേറെയുള്ള രണ്ടു പട്ടികയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കാലാകാലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്കു വേണ്ടി വോട്ടെടുപ്പ് നടത്താൻ പര്യാപ്തമായ രീതിയിൽ തയ്യാറാക്കിയ വോട്ടർപട്ടിക ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇപ്പോൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന പട്ടികയുടെ ഘടനയിൽ മാറ്റം വരുത്തിയാലേ അത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനുപയോഗിക്കാൻ കഴിയൂ. അതിന് താരതമ്യേന കൂടുതൽ പണം, സമയം, മനുഷ്യശേഷി, നടപടിക്രമം എന്നിവ ആവശ്യമാണ്. സംസ്ഥാനത്തെ വോട്ടർമാർ മേൽ ചോദിച്ച രണ്ടു സ്ഥലങ്ങളിലേയ്ക്കും വോട്ട് ചെയ്യാൻ അതതു കമ്മീഷനുകൾ തയ്യാറാക്കുന്ന രണ്ടു പട്ടികകളിലും പേരുൾപ്പെട്ടിട്ടുണ്ട് എന്നുറപ്പാക്കേണ്ടതാണ്.

29. ബൈ ഇലക്ഷനിൽ വോട്ടെണ്ണൽ കേന്ദ്രങ്ങൾ എവിടെയായിരിക്കും, പഴയ സ്ഥലങ്ങൾ തന്നെയാണോ?

ഉപതിരഞ്ഞെടുപ്പിൽ കഴിവതും വിതരണ, സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങൾ പൊതു സൗകര്യാർത്ഥം കമ്മീഷൻ അനുമതിയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡ്ക്വാർട്ടേഴ്സ് പോലുള്ള മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി സ്ഥാപിക്കണം

30. സ്ഥാനാർത്ഥി 1, നാമനിർദ്ദേശം ചെയ്യുന്ന ആൾ1, 2 നാമ നിർദ്ദേശ പത്രിക നൽകി Form N3 യിൽ 2 എണ്ണം തന്നെ കാണിക്കണോ?

കാണിക്കണം

31. Counting table ഒരെണ്ണത്തിൽ എത്ര സ്റ്റാഫ് വേണം?

ഗ്രാപഞ്ചായത്ത്-1+2=3, മുനിസിപ്പാലിറ്റി-1+1=2, ഉപതിരഞ്ഞെടുപ്പിൽ എല്ലായിടത്തും 1+1=2

32. ആശാ വർക്കർ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യരാണോ?

അതെ

33. ആരാണ് പോളിംഗ് സ്റ്റേഷനിലേക്കുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നത്?

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ (ജില്ലാ കളക്ടർ)

34. Two candidates are asking for same name to printed ballot paper. Both are having different names in Electoral roll. How to proceed pls, advise?

ആദ്യം ലഭിച്ച അപേക്ഷയ്ക്ക് മുൻഗണന നൽകുക

35. ഇലക്ഷൻ പ്രചരണം നടത്തുന്ന വാഹനത്തിന് പോലീസ് അനുമതി മതിയല്ലോ? RO യുടെ വെഹിക്കിൾ പാസ്സ് ആവശ്യമുണ്ടോ?

പോലീസ് അനുമതി മതി

36. പാർട്ടി ചിഹ്നം അനുവദിക്കുന്നതിന് അതാത് ജില്ലാ പാർട്ടി പ്രസിഡന്റിനെ ചുമതലപ്പെടുത്തി. ഉത്തരവ് ഉണ്ടോ?

2017-ലെ സിംബൽ അലോട്ട്മെന്റ് ഓർഡറിൽ അത് വിവരിച്ചിട്ടുണ്ട്

37. വോട്ടെണ്ണൽ, വിതരണ-സ്വീകരണം, കമ്മീഷനിങ്ങ് എന്നിവക്ക് ആവശ്യമായ ജീവനക്കാരെ RO മാർ നിയമിച്ച് ഉത്തരവ് ഇറക്കുന്നതിന് മാതൃകാ ഫോറം ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ?

വോട്ടെണ്ണലിൽ കൗണ്ടിങ്ങ് സ്റ്റാഫിനെ നിയമിക്കാൻ എൻ.24 നമ്പർ ഫോറം ഉപയോഗിക്കാം. മറ്റുള്ളവയ്ക്ക് മാതൃക നൽകിയിട്ടില്ല. അത് RO യുടെ വിവേചനാധികാരം ഉപയോഗിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

38. സ്ഥാനാർത്ഥികളുടെ പ്രചാരണത്തിനായി നൽകുന്ന വാഹന പാസിന്റെ മാതൃക ഒന്ന് പോസ്റ്റ് ചെയ്യാമോ?

കമ്മീഷൻ വാഹനപാസ്സിന്റെ മാതൃക പുറപ്പെടുവിച്ചിട്ടില്ല

39. സ്ഥാനാർത്ഥിക്ക് മൈക്ക് സെറ്റ് വച്ച് യോഗം നടത്തുന്നതിനായി അനുമതി നൽകുന്നതിനായി ആവശ്യപ്പെടുന്നു എങ്ങനെയാണ് അതിന് നടപടി സ്വീകരിക്കേണ്ടത്?

പോലീസാണ് മൈക്ക് പെർമിറ്റ് നൽകുന്നത്. സ്ഥാനാർത്ഥികൾക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഐഡന്റിറ്റി കാർഡ് തുടങ്ങിയവ പ്രചരണ നടപടികൾ ക്രമീകരിക്കുന്നതിനായി RO നൽകുക.

40. രാഷ്ട്രീയ പാർട്ടികൾ പാതയോരത്ത് സ്റ്റേജ് കെട്ടി മൈക്ക് അനൗൺസ്മെന്റ് ചെയ്ത് ഇലക്ഷൻ പ്രചരണം നടത്തുന്നതിന് ഓരോ തവണയും പോലീസ് സ്റ്റേഷനിൽ നിന്നും ഉള്ള അനുമതി വാങ്ങേണ്ടതുണ്ടോ?

പോലീസിന്റെ അനുമതി വാങ്ങണം

41.പോളിങ്ങിനു ശേഷം EVM ന്റെ കൂടെ തിരികെ നൽകേണ്ടവ ഏതൊക്കയാണ്?

എല്ലാ മെറ്റീരിയൽസും തിരികെ നൽകണം

42. ഇലക്ഷന് സംബന്ധിച്ച പ്രാദേശിക അവധി ഓർഡർ ഉണ്ടോ?

ജില്ലാ തിരഞ്ഞെടുക്കപ്പ് ഉദ്യോഗസ്ഥൻ അവധി പ്രഖ്യാപിക്കും

43. മുനിസിപ്പാലിറ്റിയിലെ ഡെപ്പോസിറ്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ?എത്ര?

പത്ര മാധ്യമങ്ങളിലും മറ്റും ത്രിതല പഞ്ചായത്തിലെ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരമാണുള്ളത്.

ഗ്രാമ പഞ്ചായത്ത്-2000, ബ്ലോക്ക് പഞ്ചായത്ത്-4000, ജില്ലാ പഞ്ചായത്ത്-5000, മുനിസിപ്പൽ കൗൺസിൽ-4000, മുനിസിപ്പൽ കോർപ്പറേഷൻ-5000

44. തിരഞ്ഞെടുപ്പിന് മുൻപുള്ള അന്തിമ വോട്ടർ പട്ടികയിൽ കൂട്ടി ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ കൂടി ഉൾപ്പെടുത്തി ഇന്റഗ്രേറ്റ് ചെയ്ത് ലഭിക്കുമോ?

ഇല്ല

45. നോമിനേഷൻ സംബന്ധിച്ച ഒബ്ജക്ഷൻ സ്കൂട്ടിണി ടൈം ഇൽ തരുന്നതിനു ഫോം ഉണ്ടോ?

ഇല്ല, വാക്കാലോ രേഖാമൂലമോ ഒബ്ജക്ഷൻ ഉന്നയിക്കാം

46. പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് ഇലക്ഷൻ ഏജന്റ് ആകാൻ സാധിക്കുമോ?

പറ്റില്ല

47. Form 4-ൽ സ്ഥാനാർത്ഥി ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കേണ്ടേ?

വേണം

48. ഗവ.പ്രസിലേക്ക് ബാലറ്റ് ഡിറ്റയിൽസ് ഇ-മെയിൽ ചെയ്താൽ മതിയോ?

ഇ-മെയിൽ ചെയ്തതിനുശേഷം പ്രസുമായി ബന്ധപ്പെട്ട് അവരുടെ നിർദ്ദേശം പാലിച്ച് തുടർ നടപടികൾ സ്വീകരിക്കണം

49. സ്ഥാനാർത്ഥിക്ക് പണമടച്ച് ബൂത്തിൽ ക്യാമറ സ്ഥാപിക്കാൻ സാധിക്കുമോ?

കമ്മീഷന്റെ അനുമതിയോടെ വീഡിയോഗ്രാഫി ഏർപ്പെടുത്താവുന്നതാണ്.

50. പോളിങ് ഏജന്റ് ആവാനുള്ള യോഗ്യത എന്തൊക്കെയാണ്?

വാർഡിലെ സാധാരണ താമസക്കാരനും വോട്ടറുമായിരിക്കണം.

51. കൗണ്ടിങ് ഏജന്റിനെ നിയമിക്കുന്നത് ഒരു സ്ഥാനാർത്ഥിക്ക് ഒരാൾ എന്ന കണക്കിലല്ലേ?

കൗണ്ടിങ് ടേബിളുകളുടെ എണ്ണത്തിനനുസരിച്ച് കൂടുതൽ ആളുകളെ നിയമിക്കാം

52. മൽസരിക്കുന്നതിന് അയോഗ്യത കൽപ്പിച്ചവരുടെ ലിസ്റ്റ് ഏത് സൈറ്റിൽ നിന്നാണ് കിട്ടുന്നത്?

www.sec.kerala.gov.in

53. Form 3 & Form N-3 എന്നിവയ്ക്ക് ഒരു വ്യക്തത തരുമോ?

Form N3 Daily report, Form 3 Final day report

54. ഒരാൾക്ക് ഒന്നിൽ കൂടുതൽ വാലിഡ് നോമിനേഷൻ ഉണ്ടെങ്കിൽ സോഫ്റ്റ് വെയറിലെ Form No.4-ൽ ബാക്കി ഡിസേബിൾ ആക്കണോ? (ഒരെണ്ണം മാത്രം 4 ൽ കാണിച്ചാൽ പോരെ) ?

മതി

55. ബാലറ്റ് പേപ്പറിൽ വരേണ്ട പേര് Form 4-ൽ manage nomination വഴി എഡിറ്റ് ചെയ്താൽ മതിയോ?

മതി

56. തിരഞ്ഞെടുപ്പ് ഏജന്റിന് സ്ഥാനാർത്ഥിയുടേതു പോലെ ഐഡി കാർഡ് ഉണ്ടോ?ഫാറം 8 ൽ ഒപ്പിട്ടു കൊടുത്താൽ മതിയോ?

മതി

57. വോട്ടു രേഖപ്പെടുത്താൻ ഐഡന്റിറ്റികാർഡ് ഹാജരാക്കേണ്ടതുണ്ടോ?

കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ ഒന്ന് പോളിംഗ് സ്റ്റേഷനിൽ വോട്ടറെ തിരിച്ചറിയുന്നതിനു വേണ്ടി ഹാജരാക്കണം.

58. നോമിനേഷൻ ഒപ്പം പഞ്ചായത്തിന് ബാധ്യതകൾ ഒന്നുമില്ല എന്ന സാക്ഷ്യപത്രം സ്ഥാനാർത്ഥി പഞ്ചായത്തിൽ നിന്ന് വാങ്ങി നൽകേണ്ടതുണ്ടോ?

കമ്മീഷൻ അപ്രകാരം നിർദ്ദേശിച്ചിട്ടില്ല

59. Nomination Form Photocopy ഉപയോഗിക്കാൻ പറ്റുമോ?

കഴിയും

60. സ്വതന്ത്ര സ്ഥാനാർത്ഥിക്ക് ഇലക്ഷൻ ചിഹ്നങ്ങൾ എവിടെ നിന്നാണ് കിട്ടുക?

സിംബൽ അലോട്ട്മെന്റ് ഓർഡർ പരിശോധിക്കുക

61.Form 6 ന് ശേഷം സ്ഥാനാർത്ഥി ആഗ്രഹിക്കുന്ന രീതിയിൽ പേർ ക്രമീകരിച്ച് ബാലറ്റ് പേപ്പർ തയ്യാറാക്കുന്ന ഫോറം ഏതാണ്?

ഫോം 6 തയ്യാറാക്കുന്നതിനുമുമ്പ് എല്ലാ കാര്യങ്ങളും കൃത്യമായി പരിശോധിച്ച് തയ്യാറാക്കിയ ഫോം 6 കൃത്യമാണോയെന്ന് RO ഉറപ്പാക്കണം. ഫോറം 6 പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ പിന്നെ യാതൊരു മാറ്റവും അനുവദനീയമല്ല.

62. Secret Seal തിരികെ നൽകാൻ authorize ചെയ്ത വ്യക്തി മതിയാകുമല്ലോ അല്ലേ?

മതി

63. What we do if there is no nominations received in a day?

No Action

64. Is holiday excempted from receiving Form 2 ?

Yes

65. നോമിനേഷൻ സമർപ്പിക്കേണ്ട അവസാന തീയതി വരെ പുതിയ വോട്ടുകൾ ചേർക്കാൻ അവസരമുണ്ടാവുന്നതാണോ?

ERO യ്ക്ക് അവസരമുണ്ട്

66. നോമിനേഷൻ ഫോമിൽ പറയാത്ത ചിഹ്നം പിന്നീട് ആവശ്യപ്പെട്ടാൽ അനുവദിക്കാൻ കഴിയുമോ?

കഴിയും

67. Secret seal വിതരണം ചെയ്യുന്ന തീയതി SEC അറിയിക്കുമോ?

അറിയിക്കും

68. പട്ടാളം /മിലിട്ടറി വിഭാഗത്തിലുള്ളവർക്ക് പോസ്റ്റൽ വോട്ടിന് അപേക്ഷിക്കാൻ കഴിയുമോ ആണെങ്കിൽ ആയതിന്റെ മാനദണ്ഡം ഒന്നു പറയാമോ?

ഇല്ല

69. How to be Prepared the Marked Copy of Electoral Roll in bye election?

പോസ്റ്റൽ ബാലറ്റ് നൽകിയിട്ടുണ്ടെങ്കിൽ ‘PB issued’ ബന്ധപ്പെട്ട സീരിയൽ നമ്പർ കോളത്തിൽ മാർക്ക് ചെയ്ത് തയ്യാറാക്കാം.

70. പട്ടികയിൽ നിന്നും ഒഴിവാക്കിയവരെ ‘delete’ മാർക്ക് ചെയ്യണ്ടേ?

അത് പട്ടികയിൽ തന്നെ ‘DELETED’ എന്ന് automatically mark ചെയ്ത് വരുന്നുണ്ട്.

71. പുതിയ വോട്ടർമാരിൽ പലർക്കും പ്രത്യേകിച്ച് വിവാഹം കഴിച്ചും മറ്റും വന്നവർക്ക് ഇലക്ഷൻ നടക്കുന്ന വാർഡിലെ വിലാസത്തിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ ഒന്നും ഇല്ലാ എന്ന പരാതിയുണ്ട്.എന്തെങ്കിലും പരിഹാരമുണ്ടോ?

പുതിയ വോട്ടർമാർക്ക് വോട്ടർ സ്ലിപ്പ് അതാത് ERO മാർ വിതരണം ചെയ്യുന്നതാണ്.

72. Downloaded ID card from the portal . ഇത് നമ്മൾ സൈൻ/അറ്റസ്റ്റ് ചെയ്യേണ്ടതുണ്ടോ?

നിലവിൽ ERO ഒപ്പ് വച്ച് നൽകണം

73. വാർഡിന് പുറത്തുള്ള സർക്കാർ ജീവനക്കാർക്ക് വോട്ടെടുപ്പിൽ പങ്കെടുക്കാൻ ലീവ് /പെർമിഷൻ അനുവദിച്ച് എന്തെങ്കിലും ഉത്തരവ് ഉണ്ടോ?

ബന്ധപ്പെട്ടവരുടെ അപേക്ഷയിൽ വോട്ടു ചെയ്ത് മടങ്ങി വരാനുള്ള അനുമതി സ്ഥാപന മേധാവി/ അവധി അനുവദിക്കുന്ന അധികാരി നൽകുന്നതാണ്.

74. ബൂത്തിൽ പോളിംഗ് ഏജന്റ് ആയി മറ്റു വാർഡിൽ ഉള്ളവർക്ക് ഇരിക്കാൻ തടസ്സമുണ്ടോ?

അനുവദനീയമല്ല

75. വാർഡിനു പുറത്ത് ജോലി ചെയ്യുന്ന ഒരാൾ വോട്ട് ചെയ്തു. അയാൾക്ക് വോട്ട് ചെയ്തു എന്നുള്ള സർട്ടിഫിക്കറ്റ് പ്രിസൈഡിംഗ് ഓഫീസർ നൽകേണ്ടതുണ്ടോ?

വേണ്ട

76. ചിഹ്നം അനുവദിക്കുന്നതിന് അപേക്ഷിക്കാൻ ഓരോ പാർട്ടിയുടെയും ഉത്തരവാദപ്പെട്ടവർ ആരാണെന്ന് പറയുന്ന സർക്കുലർ ഉണ്ടോ?

സിംബൽ അലോട്ട്മെന്റ് ഓർഡറിൽ അത് വിവരിച്ചിട്ടുണ്ട്.

77. സ്ഥാനാർത്ഥികളുടെ പേരിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തിയാണോ ഫോം 6 പ്രസിദ്ധീകരിക്കേണ്ടത്?

അതെ

78. ബാലറ്റ് പേപ്പറിൽ ഇനീഷ്യൽ കൂട്ടിച്ചേർത്ത് അച്ചടിക്കാൻ ആവശ്യപ്പെടുന്ന അപേക്ഷ പ്രകാരം ഫോം 6,4 എന്നിവയിൽ മാറ്റം വരുത്തേണ്ടതുണ്ടോ?

ഫോം 6-ൽ മാത്രം മാറ്റം വരുത്തി പ്രസിദ്ധീകരിച്ചാൽ മതി.

79. അക്ഷരമാല ക്രമത്തിൽ തയ്യാറാക്കുമ്പോൾ ഇനിഷ്യൽ പരിഗണിക്കേണ്ടതുണ്ടോ?

വേണ്ട

80. പോളിംഗ് സമയം എപ്പോഴാണ്?

രാവിലെ ഏഴ് മുതൽ വൈകിട്ട് 6 മണി വരെ

81. 6 മണിക്ക് പോളിംഗ് സ്റ്റേഷനിൽ എത്തുന്നവർക്ക് എല്ലാവർക്കും വോട്ടു ചെയ്യാനുള്ള അവസരമുണ്ടോ?

പോളിംഗ് സമയം അവസാനിക്കുന്ന 6 മണിക്ക് വരിയിൽ നിൽക്കുന്ന എല്ലാ വോട്ടർമാർക്കും വോട്ടു രേഖപ്പെടുത്താൻ കഴിയും.

## III. പെരുമാറ്റച്ചട്ടം സംബന്ധിച്ച്

1. പ്രസിഡന്റിന് പെരുമാറ്റച്ചട്ടം ഉള്ളപ്പോൾ പഞ്ചായത്ത് വാഹനം ഉപയോഗിക്കാമോ?

ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാം.

2. ഉപതിരഞ്ഞെടുപ്പ് MCC എവിടെയൊക്കെയാണ് ബാധകം

ഗ്രാമപഞ്ചായത്തിൽ മുഴുവൻ പ്രദേശത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ ബന്ധപ്പെട്ട വാർഡിൽ മാത്രം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഉപതിരഞ്ഞെടുപ്പ് ഉള്ള വാർഡ് ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും.

3. പെരുമാറ്റച്ചട്ടം എന്നാണ് അവസാനിക്കുന്നത്?

തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുന്ന തീയതി (വിജ്ഞാന പ്രകാരമുള്ളത്).

4. പെരുമാറ്റചട്ടം നിലവിലുള്ളപ്പോൾ ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്ന് ഘോഷയാത്ര നടത്താൻ കഴിയുമോ?

പാടില്ല

5. മുനിസിപ്പാലിറ്റിയിൽ ഒരു വാർഡിൽ മാത്രമാണ് പെരുമാറ്റചട്ടം ബാധകമായിട്ടുള്ളത്. അപ്പോൾ കൗൺസിലിൽ നയപരമായ പുതിയ തീരുമാനങ്ങൾ കൈകൊള്ളാമോ?

പാടില്ല

6. പെരുമാറ്റചട്ടം നിലവിലുള്ളപ്പോൾ ഉദ്ഘാടനം പോലുള്ള പരിപാടികൾ നടത്താമോ?

പാടില്ല, ഉദ്യോഗസ്ഥർക്ക് മാത്രമായി നടത്താം രാഷ്ട്രീയ ബന്ധമുള്ളവരുമായി ഒരുമിച്ച് ചേർന്ന് നടത്താൻ പാടില്ല.

7. പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ജനപ്രതിനിധികൾ വിളിക്കുന്ന യോഗത്തിൽ ഉദ്യോഗസ്ഥർ പങ്കെടുക്കാമോ?

   പാടില്ല

8. പെരുമാറ്റച്ചട്ടം നിലവിലുള്ളപ്പോൾ ബൈ ഇലക്ഷൻ നടക്കുന്ന പഞ്ചായത്ത് അതിർത്തിയിൽ ആനുകൂല്യ വിതരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടത്താൻ കഴിയുമോ?

   കഴിയില്ല

9. ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനിടയിൽ എല്ലാ പഞ്ചായത്തിനോടും പ്രത്യേക ഗ്രാമസഭ വിളിച്ച് ചേർക്കാൻ നിർദേശം ഉണ്ട്. തിരഞ്ഞെടുപ്പ് ഉള്ള പഞ്ചായത്തുകൾ എന്താണ് ചെയ്യേണ്ടത്?

   ഗ്രാമസഭ ചേരുന്നതിന് തടസ്സമില്ല അതിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് പെരുമാറ്റച്ചട്ടലംഘനമാണ്.

10. ഇലക്ഷന് പെരുമാറ്റചട്ടം—വൈബ്രന്റ് ഗ്രാമ സഭ നത്താൻ പറ്റുമോ?

    ഗ്രാമസഭ ചേരുന്നതിന് തടസ്സമില്ല. അതിൽ നയപരമായ തീരുമാനങ്ങൾ എടുക്കരുത്.

11. ഒരു ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനിലേക്ക് തിരഞ്ഞെടുപ്പ് നടക്കുമ്പോൾ പ്രസ്തുത ഡിവിഷനിലുള്ള പഞ്ചായത്ത് ഒഴികെ മറ്റുള്ള ബ്ലോക്ക് പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകൾ മാതൃക പെരുമാറ്റ ചട്ടത്തിൽ ഉൾപ്പെടുമോ?

    ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം ഉൾപ്പെട്ട വരുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശം മുഴുവൻ പെരുമാറ്റചട്ടം ബാധകം

12. പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക കാര്യങ്ങൾക്ക് പഞ്ചായത്ത് വാഹനം ഉപയോഗിക്കുന്നതിന് തടസ്സം ഉണ്ടോ?

    ഇല്ല

13. നഗരസഭകളുടെ വാർഷിക പദ്ധതികൾ കൗൺസിൽ അംഗീകരിക്കുന്തിൽ പെരുമാറ്റചട്ടം ബാധകമാണോ?

    നയപരമായ തീരുമാനങ്ങൾ പാടില്ല

14. ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണത്തിലും Tender നടപടികൾക്കും പെരുമാറ്റച്ചട്ടം ബാധകമാണോ ?

    ബാധകമാണ്

15. ഒരു വാർഡിൽ ഉപതിരഞ്ഞെടുപ്പ് നടക്കുമ്പോൾ പെരുമാറ്റച്ചട്ടം ബാധകമാകുന്നത് ആ വാർഡിൽ മാത്രമാണോ അതോ പഞ്ചായത്തിൽ പൂർണമായുണ്ടോ? ഇത് സംബന്ധിച്ച് ഉത്തരവ് എന്തെങ്കിലും ഉണ്ടോ?

    പഞ്ചായത്തിൽമുഴവൻ, കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാതൃക പെരുമാറ്റ സംഹിത പ്രകാരം

16. പ്രസിഡന്റിന്/മെമ്പർമാർക്ക് ഔദ്യോഗിക വാഹനം ഉപയോഗിക്കാമോ?

    ഔദ്യോഗിക ആവശ്യങ്ങൾക്ക്  മാത്രം ഉപയോഗിക്കാം.

17. നേരത്തെ നിശ്ചയിച്ച കുടുംബശ്രീ കലോത്സവം പോലുള്ള പരിപാടികളിൽ മെമ്പർമാർ/പ്രസിഡന്റ് പങ്കെടുക്കുന്നത് പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽവരുമോ?

    ഉദ്യോഗസ്ഥരും രാഷ്ട്രീയ ബന്ധമുള്ളവരും ഒരുമിച്ച് വേദി പങ്കിടരുത്

18. നിർമാണ അനുമതി / TSലഭിച്ച വർക്കുകൾ തുടങ്ങുമോ?

    പ്രവർത്തനം ആരംഭിയ്ക്കാത്തവ തുടങ്ങരുത്

19. സർക്കാരിന്റെ ക്ഷേമ പെൻഷൻ വിതരണം തെരഞ്ഞെടുപ്പ് കോഡിനെ ബാധിക്കുമോ?

    ഇല്ല

20. കോർപ്പറേഷനിൽ other division ലുള്ളവർക്ക് തെരഞ്ഞെടുപ്പ്  നടക്കുന്ന ഡിവിഷനിൽ പോളിംഗ് ഡേയ്ക്ക് തലേ ദിവസം നിശബ്ദ പ്രചരണം നടത്തുന്നതിന് തടസമുണ്ടോ?

    തടസ്സമുണ്ട്